# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4562. — 26.10.2016 ലെ മറുപടിയ്ക്ക്.

## മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും എസ്. സി/എസ്. റ്റി ഹോസ്റ്റലുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി.

**ചോദ്യം**
**ശ്രീ. പി.സി.ജോർജ്ജ്.**

**ഉത്തരം**
**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | നിലവിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും എസ്. സി/എസ്.റ്റി ഹോസ്റ്റലുകളിലും അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവാണെന്നകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി ആകെ 29 എം. ആർ. എസ് - കളാണ് ഉള്ളത്. ആകെ 213 ഹോസ്റ്റലുകളും നിലവിലുണ്ട്. ഇവയിൽ പലതും നല്ല നിലയിൽ നടക്കുന്നുണ്ട്. ചില ഹോസ്റ്റലുകളിലും എം. ആർ. എസ് - കളിലും അടിസ്ഥാന സൗകര്യങ്ങൾ കുറവാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ നിശ്ചിത നിലവാരങ്ങൾ ഏർപ്പെടുത്തി പ്രസ്തുത കുറവുകൾ നികത്തുവാൻ സമയബന്ധിതമായ ഒരു പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ബി) | പട്ടികജാതി വിഭാഗത്തിൽ എം. ആർ. എസിലും, എല്ലാ ഹോസ്റ്റലിലും അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ പ്രസ്തുത കുറവുകൾ നികത്തുവാൻ സമയബന്ധിതമായ ഒരു പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് . UNICEF മാനദണ്ഡപ്രകാരവും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും നിശ്ചിത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. എം. ആർ. എസ് - കളിൽ സ്മാർട്ട് ക്ലാസ്സ്റൂം, ISO സർട്ടിഫിക്കേഷൻ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | പട്ടിക വർഗ്ഗ വിഭാഗത്തിൽ, ടി സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br><br>ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾക്കായി മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിദഗ്ധ സമിതി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ടി മാനദണ്ഡങ്ങൾ പ്രകാരം സൗകര്യങ്ങൾ ഇല്ലാത്ത ഹോസ്റ്റലുകളുടെ നിലവാരം ഉയർത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ മേധാവികളിൽ നിന്ന് പ്രൊപ്പോസലുകൾ ലഭ്യമാക്കി ഹോസ്റ്റലുകളുടെ നിലവാരം ഉയർത്താനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| **(സി)** | ഇത് സംബന്ധിച്ച് 24.06.2016 ലെ ബഹു. ഗവർണ്ണറുടെ നിയമസഭയിലെ പ്രസംഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | **(സി)** | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

Sd/-

**സെക്ഷൻ ഓഫീസർ.**